December 2023 (Private Circulation Only)

(Programmes and Events conducted during November 2023)

Government of Kerala

DEPARTMENT OF ECONOMICS & STATISTICS

# ECOSTAT BULLETIN

NEWSLETTER



2023 വർഷത്തെ മികച്ച വകുപ്പിനുള്ള സംസ്ഥാനതല ഭരണഭാഷാ പുരസ്കാരം ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയനിൽ നിന്നും സാമ്പത്തിക സ്ഥിതിവിവക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീ ശ്രീകുമാർ ബി.  ഏറ്റുവാങ്ങുന്നു.

# കേരളപ്പിറവി ദിനം വകുപ്പിന്
# നക്ഷത്രത്തിളക്കം



ഭരണത്തിന്റെ വിവിധ തലങ്ങളിൽ മലയാള ഭാഷയുടെ ഉപയോഗം സാർവ്വത്രികമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് മികച്ച രീതിയിൽ ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന വകുപ്പിനുള്ള ഈ വർഷത്തെ ഭരണഭാഷ പുരസ്കാരത്തിന് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അർഹമായി. നവംബർ–1 കേരളപ്പിറവി ദിനത്തിൽ തിരുവനന്തപുരം ദർബാർ ഹാളിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ചടങ്ങിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയനിൽ നിന്നും വകുപ്പ് ഡയറക്ടർ ശ്രീ ശ്രീകുമാർ ബി. പുരസ്കാരം ഏറ്റുവാങ്ങി. 25,000/ രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ, ചീഫ് സെക്രട്ടറി ഡോ. വി. വേണു ഐഎഎസ്., മുൻ ചീഫ് സെക്രട്ടറിയും ഐ.എം.ജി. ഡയറക്ടറുമായ ശ്രീ കെ. ജയകുമാർ., ഐ.എ.എസ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. പുരസ്കാര തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതായി ബഹു. ഡയറക്ടർ പിന്നീട് അറിയിച്ചു.

### ഭരണഭാഷ – മാതൃഭാഷ

## മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ മലയാള ദിനാഘോഷ പരിപാടികൾ നവംബർ 1–ാം തീയതി ഡയറക്ടറേറ്റിലെ പരിശീലന ഹാളിൽ വച്ച് സമുചിതമായി ആഘോഷിച്ചു. ഇതോടനുബന്ധിച്ച് ചേർന്ന യോഗം കവിയും നാടകകൃത്തും സംവിധായകനുമായ ശ്രീ കാര്യവട്ടം ശ്രീകണ്ഠൻ നായർ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ശ്രീ ശ്രീകുമാർ ബി. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡീഷണൽ ഡയറക്ടർ (പ്രൈസ്) ശ്രീ വിനോദൻ ടി. പി. സ്വാഗതം ആശംസിച്ചു. ചലച്ചിത്ര സംവിധായകനും നടനുമായ ഡോ. സന്തോഷ് സൗപർണ്ണിക ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. ജോയിന്റ് ഡയറക്ടർമാരായ ശ്രീമതി ഹലീമാബീഗം കെ., ശ്രീമതി ഷൈലമ്മ കെ. എന്നിവർ പരിപാടിക്ക് ആശംസകളും ജോയിന്റ് ഡയറക്ടർ ശ്രീമതി. സുദർശ ആർ. നന്ദിയും രേഖപ്പെടുത്തി. മാലിന്യമുക്ത ഭരണഭാഷാ പ്രതിജ്ഞകളോടെയാണ് പരിപാടി ആരംഭിച്ചത്. തുടർന്ന് ഡയറക്ടറേറ്റിലെ ജീവനക്കാർ മലയാള ഭാഷയുമായി ബന്ധപ്പെട്ട വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.





## കാർഷിക വിവരശേഖരണം: ശിൽപ്പശാല



കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ജില്ലയിലെ കാർഷിക വിവരശേഖരണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങളും വെല്ലുവിളികളും നിർദ്ദേശങ്ങളും വകുപ്പിലെ ഫീൽഡുതല ജീവനക്കാരിൽ നിന്നും മനസ്സിലാക്കുന്നതിനായി ഇടുക്കി–ചെറുതോണി, കാൽവരിമൗണ്ട് മേഘമല റിസോർട്ട് കോൺഫറൻസ് ഹോളിൽ ശിൽപ്പശാല സംഘടിപ്പിച്ചു. ശിൽപ്പശാലയുടെ ഉദ്ഘാടനം കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാൻ ശ്രീ പി. സി. മോഹനൻ ISS (Rtd.) നിർവ്വഹിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീ ശ്രീകുമാർ .ബി അദ്ധ്യക്ഷത വഹിച്ചു. അഡീഷണൽ ഡയറക്ടർ (പ്രൈസസ്) ശ്രീ വിനോദൻ ടി. പി., ജോയിന്റ് ഡയറക്ടർ (ഇ.എ.ആർ.എ.എസ്) ശ്രീമതി. ഹലീമ ബീഗം., ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. മേരി ജോർജ്, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ രതീഷ് പി. എൻ. എന്നിവരോടൊപ്പം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെയും ഇടുക്കി ജില്ലയിലെയും ജീവനക്കാർ പങ്കെടുത്തു.






ഓപ്പൺ ഫോറം:

# സുസ്ഥിര വികസനം സ്റ്റാറ്റിസ്റ്റിക്സിലൂടെ

കേരളീയം 2023ന്റെ ഭാഗമായി കേരള സർവ്വകലാശാല സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെയും ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നവംബർ 5–ാം തീയതി യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിൽ ഓപ്പൺ ഫോറം സംഘടിപ്പി ക്കപ്പെട്ടു. കേരള യൂണിവേഴ്സിറ്റി സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി പ്രൊഫസർ ഇ. ഐ. അബ്ദുൽ സത്താർ ഓപ്പൺ ഫോറത്തിൽ അദ്ധ്യക്ഷത വഹിച്ചു. 'അഡ്വാൻസിങ്ങ് സ്റ്റാറ്റിസ്റ്റിക്കൽ സയൻസ് ആൻഡ് ആപ്ലിക്കേഷൻസ് ഫോർ എ നോളജ് ഡ്രിവൺ കേരള' എന്ന വിഷയത്തിൽ സംഘടിപ്പിക്കപ്പെട്ട ഓപ്പൺ ഫോറത്തിൽ വകുപ്പ് ഡയറക്ടർ ശ്രീ ശ്രീകുമാർ ബി. യൂണിവേഴ്സിറ്റി കോളേജ് മുൻ അദ്ധ്യാപകൻ പ്രൊഫസർ എം. സോമശേഖരൻ പിള്ള എന്നിവർ പാനൽ ചർച്ചകൾക്ക് നേതൃത്വം നൽകി. ഒഫിഷ്യൽ സ്റ്റാറ്റിസ്റ്റിക്സ് എന്ന സങ്കൽപ്പത്തിന്റെ സാദ്ധ്യതകൾ, മാറിവരുന്ന ആഗോള രാഷ്ട്രീയ പശ്ചാത്തലത്തിലുള്ള ഡാറ്റയുടെ പ്രാധാന്യം, സ്റ്റാറ്റിസ്റ്റിക്കൽ പഠനങ്ങളുടെ ഇന്നത്തെ നിലയും പ്രയോഗവും എന്നീ വിഷയങ്ങൾ ചർച്ചയിൽ ഉയർന്നു വന്നു.

സെമിനാർ

# ക്ഷേമവും വളർച്ചയും: ഭാവിയിലേക്കുള്ള സാമ്പത്തിക ബദലുകൾ





കേരളീയം 2023 ന്റെ ഭാഗമായി നവംബർ 6–ാം തീയതി ക്ഷേമവും വളർച്ചയും ഭാവിയിലേക്കുള്ള സാമ്പത്തിക ബദലുകൾ' എന്ന വിഷയത്തിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ പൂൾസൈഡ് ഹാളിൽ വച്ച് സെമിനാർ സംഘടി പ്പിക്കപ്പെട്ടു. സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ പ്രൊഫസർ വി. കെ. രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച സെമി നാറിൽ ആസൂത്രണ സാമ്പ ത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ പുനീത്കുമാർ ഐ. എ. എസ്. വിഷയാവ തരണം നടത്തി. പ്രൊഫസർ പ്രഭാത് പട്നായിക് (ഓൺലൈൻ), പ്രകാശ് കാരാട്ട്, ഡോ. സി. രംഗരാജൻ (ഓൺലൈൻ), ശ്രീ. എസ്. രാമചന്ദ്രൻ പിള്ള, പ്രൊഫസർ വെങ്കിടേഷ് ആത്രേയ എന്നിവർ പാനലിസ്റ്റുകളായ സെമിനാർ സംസ്ഥാന ആസൂ ത്രണ ബോർഡിന്റെയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും നേതൃത്വത്തിലാണ് സംഘടിപ്പി ക്കപ്പെട്ടത്.






# ഭരണഭാഷാവാരാഘോഷ സമാപന സമ്മേളനം



സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആസ്ഥാനത്ത് ഒരാഴ്ചകാലം നീണ്ടുനിന്ന ഭരണ ഭാഷാവാരാഘോഷ പരിപാടികളുടെ സമാപന സമ്മേളനം നവംബർ 7–ാം തീയതി ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. ബഹു. ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച യോഗം മുൻ ഡെപ്യൂട്ടി രജിസ്ട്രാർ ജനറൽ (ഇന്ത്യ) ശ്രീ കെ. നാരായണൻ ഉണ്ണി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ വിവിധ മത്സര പരിപാടികളിൽ പങ്കെടുത്ത് വിജയികളായവർക്കുള്ള സമ്മാനദാന ചടങ്ങ് നടന്നു. യോഗത്തിൽ ജോയിന്റ് ഡയറക്ടർ ശ്രീമതി. ഹലീമബീഗം സ്വാഗതവും ജോയിന്റ് ഡയറക്ടർ ശ്രീമതി ഷൈലമ്മ കെ. നന്ദിയും പറഞ്ഞു.

# ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി അവബോധ ക്ലാസ്

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക ചൂഷണങ്ങളെ തടയുന്നതിനായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ജീവനക്കാർക്ക് അവബോധ ക്ലാസ് സംഘടിപ്പിച്ചു. പ്രമുഖ അഭിഭാഷകയും, സാമൂഹ്യ പ്രവർത്തകയുമായ ശ്രീമതി ബേബി മുരുകൻ ഇത് സംബന്ധിച്ച ക്ലാസ് കൈകാര്യം ചെയ്തു. ബഹു. ഡയറക്ടറുടെ അദ്ധ്യ ക്ഷതയിൽ കൂടിയ യോഗത്തിൽ ഇഎആർഎഎസ് ജോയിന്റ് ഡയറക്ടർ ശ്രീമതി. ഹലീമബീഗം സ്വാഗതവും റിസർച്ച് ഓഫീസർ ശ്രീമതി ഷംജു നന്ദിയും രേഖപ്പെടുത്തി.






# ഭരണഘടനാദിനം ആചരിച്ചു

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ് ഭരണഘടനാ ദിനം ആച രിച്ചു. നവംബർ 27–ാം തീയതി ഭരണഘടനാ ദിനാചരണവും പ്രതിജ്ഞയും സംഘടിപ്പിക്ക പ്പെട്ടു. ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കൂടിയ ജീവനക്കാർക്ക് ബഹു. ഡയറക്ടർ ശ്രീ ശ്രീകുമാർ ബി. പ്രതിജ്ഞാവാ ചകം ചൊല്ലിക്കൊ ടുത്തു. ഭരണഘടന ശില്പി ബി. ആർ. അംബേദ് കറിന്റെ ദീർഘവീക്ഷണത്തെയും സാമൂഹിക സംഭാവനയെപറ്റിയും ഭരണഘടന ഓരോ പൗര ന്മാരിലും ഏൽപ്പിക്കുന്ന കടമകളെയും ഉത്തര വാദിത്തങ്ങളെയും ബഹു. ഡയറക്ടർ ജീവനക്കാ രെ ഓർമ്മപ്പെടുത്തി.



# സാസാ പരിശീലന പരിപാടി

സംസ്ഥാനത്തെ 152 ബ്ലോക്കുകളിലെ എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിങ് ആന്റ് മോണിറ്ററിംഗ്) മേഖലയിൽ ജോലി ചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്ലാനിങ് മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ ട്രെയിനിങ്ങിന്റെ ഭാഗമായുള്ള മൂന്നാമത്തെ ബാച്ചിന്റെ പരിശീലനം 2023 നവംബർ 19,20,21 ദിവസങ്ങളിൽ നടത്തപ്പെട്ടു. ബഹു. ഡയറക്ടർ ശ്രീകുമാർ ബി. പരിശീലന പരിപാടിയുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ട്രെയിനിങ് മാനേജർ ശ്രീ കെ. അഭിലാഷ് യോഗത്തിന് അധ്യക്ഷത വഹിച്ച യോഗത്തിൽ റിസർച്ച് ഓഫീസർ ശ്രീ സുരേഷ് സ്വാഗതം ആശംസിച്ചു. പ്ലാനിങ് മോണിറ്ററിങ് ഇവാലുവേഷൻ പ്രൊഡക്ടിവിറ്റി എൻഹാൻസ്മെന്റ്, പഞ്ചായത്ത് രാജ്, ഫങ്ഷൻസ് ഓഫ് ഡി.പി.സി., സുസ്ഥിര വികസനം എന്നി വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ നടന്നു. ബഹു ഡയറക്ടർ ശ്രീകുമാർ ബി., ഡോ. പ്രകാശ് രാമകൃഷ്ണൻ, IKM ഉദ്യോഗസ്ഥൻ ശ്രീ രാജേഷ് റ്റി. വർഗീസ്, ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീ ബിജു വി. എസ്. എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.